# പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത നിയമസഭ ചോദ്യം നം. 2287 – 12/06/2018 ലെ മറുപടിക്ക്

## പതിമൂന്നാം പഞ്ചവത്സര പദ്ധതിയുടെ ഭാഗമായ കർമ്മ സമിതികളുടെ പ്രവർത്തന പുരോഗതി

**ചോദ്യം** | **ഉത്തരം**

ശ്രീ. എം. ഉമ്മർ

ഡോ. ടി. എം. തോമസ് ഐസക്
(ധനകാര്യവും കയറും വകുപ്പുമന്ത്രി)

| | ചോദ്യം | ഉത്തരം |
|---|---|---|
| എ | പതിമൂന്നാം പഞ്ചവത്സര പദ്ധതിയുടെ ഭാഗമായി ആസൂത്രണബോർഡ് രൂപം കൊടുത്ത 43 കർമ്മ സമിതികളുടെ പ്രവർത്തന പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | പതിമൂന്നാം പഞ്ചവത്സര പദ്ധതി രൂപീകരിക്കുന്നതിന്റെ ഭാഗമായി സംസ്ഥാന ആസൂത്രണ ബോർഡ് 43 കർമ്മ സമിതികൾ രൂപീകരിച്ചു. 2016 സെപ്റ്റംബർ അവസാനത്തോടെ ആരംഭിച്ച കർമ്മ സമിതികൾ 2017 മാർച്ചോടെ റിപ്പോർട്ടുകൾ സമർപ്പിച്ചു. കർമ്മസമിതികളുടെ ശുപാർശകളുടെ അടിസ്ഥാനത്തിലാണ് പതിമൂന്നാം പദ്ധതിയും, 2017-18, 2018-19 -കളിലെ വാർഷിക പദ്ധതികളും രൂപീകരിച്ചത്. |
| ബി | സുസ്ഥിരമായ നേട്ടം കൈവരിക്കാനുതകുന്ന എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ; | പതിമൂന്നാം പഞ്ചവത്സര പദ്ധതിക്കാലത്ത് സുസ്ഥിര വികസനത്തിന് ഊന്നൽ നൽകികൊണ്ടുള്ള വികസന പ്രവർത്തന ങ്ങൾക്കാണ് മുൻതൂക്കം നൽകുന്നത്. ഇത് ജനകീയ പങ്കാളിത്തത്തോടു കൂടി വിവിധ വകുപ്പുകളിലൂടെ നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത്. സുസ്ഥിര വികസനം ലക്ഷ്യമിട്ടുകൊണ്ട് ഐക്യരാഷ്ട്ര സംഘടന വിഭാവനം ചെയ്തിട്ടുള്ള സുസ്ഥിര വികസന ലക്ഷ്യങ്ങൾ (Sustainable Development Goals) എന്ന പദ്ധതിക്ക് ഭാരത സർക്കാരിന്റെ നീതി ആയോഗം സ്റ്റാറ്റിസ്റ്റിക്സ് ആന്റ് പ്രോഗ്രാം ഇംപ്ലിമെന്റേഷൻ മന്ത്രാലയവും ചേർന്ന് ദേശീയ തലത്തിൽ ഒരു ചട്ടക്കൂട് രൂപകല്പന ചെയ്തിട്ടുണ്ട്. ഇതിന്റെ ഭാഗമായി സംസ്ഥാന ആസൂത്രണ സാമ്പത്തിക കാര്യ (സി.പി.എം.യു) വകുപ്പിനെ നോഡൽ വകുപ്പായും വകുപ്പ് ഡയറക്ടറെ നോഡൽ ഓഫീസറായും ചുമതലപ്പെടുത്തി യിട്ടുണ്ട്. സുസ്ഥിര വികസന ലക്ഷ്യങ്ങൾ നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായുള്ള State Level Steering Committee -യും സംസ്ഥാന ആസൂത്രണ ബോർഡ്, സാമ്പത്തിക സ്ഥിതിവിവര കണക്ക് വകുപ്പ്, ഡയറക്ടർ (കില), സെൻസസ് ഡയറക്ടറേറ്റ് തുടങ്ങിയ വിവിധ സാങ്കേതിക വകുപ്പുകളിലെ ഉന്നത ഉദ്യോഗസ്ഥരെ |

| | | |
|---|---|---|
| | | ഉൾപ്പെടുത്തി പ്ലാനിംഗ് സെക്രട്ടറി അദ്ധ്യക്ഷയായി Sustainable Development Goals മോണിറ്ററിംഗ് ഗ്രൂപ്പും രൂപീകരിച്ചിട്ടുണ്ട്. സുസ്ഥിര വികസന ലക്ഷ്യങ്ങൾ കൈവരിക്കുന്നതിന് സി.പി.എം.യു വകുപ്പിൽ അസിസ്റ്റന്റ് ഡയറക്ടറുടെ മേൽനോട്ടത്തിൽ നാല് റിസർച്ച് അസോസിയേറ്റുകളെ ഉൾപ്പെടുത്തി SDG സെൽ രൂപീകരിച്ചിട്ടുണ്ട്. പദ്ധതിയുടെ സുഗമമായ നടത്തിപ്പിനു വേണ്ടിയും Sustainable Development Goals കൈവരിക്കുന്നതിന് വേണ്ട സൂചകങ്ങൾ തയ്യാറാക്കുന്നതിനുമായി Central Plan Monitoring Unit -ഉം Kerala Institute of Local Administration -ഉം ചേർന്ന് ബന്ധപ്പെട്ട വകുപ്പുകളിലെ ഓഫീസർമാരെ ഉൾപ്പെടുത്തി 16.02.2018 -ൽ ശില്പശാല സംഘടിപ്പിക്കുകയുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ തുടർചർച്ചകൾ, ശില്പശാലകൾ, സെമിനാറുകൾ തുടങ്ങിയവ നടത്തി സുസ്ഥിര വികസന ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനാവശ്യമായ കർമ്മ പദ്ധതിക്ക് രൂപം നൽകി വരുന്നു. സംസ്ഥാനത്തിന്റെ വികസന സൂചികയിൽ വൻ മുന്നേറ്റം നടത്താൻ സഹായകമാകുന്ന നവകേരളം മിഷൻ പദ്ധതിയെ Sustainable Development Goals -ന്റെ സൂചകങ്ങളുമായി ബന്ധിപ്പിക്കുന്നതിനുള്ള നടപടികൾക്ക് രൂപം നൽകുന്നതിനും ഉദ്ദേശമുണ്ട്. |
| സി | നാലാമത് കേരള പൊതു ചെലവ് പുന:പരിശോധന കമ്മിറ്റിയുടെ ശിപാർശ പ്രകാരം പൊതുചെലവ് കുറയ്ക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശം നൽകുമോ? | ചെലവ് കുറയ്ക്കുന്നതിന്റെയും സാമ്പത്തിക അച്ചടക്കം പാലിക്കുന്നതിന്റെയും ഭാഗമായി അനിവാര്യമായ വർക്ക് സ്റ്റഡി നടത്തിയശേഷം മാത്രമേ തസ്തികകൾ സൃഷ്ടിക്കുകയുള്ളൂ. തസ്തിക പുനർവിന്യാസം വഴിയും ഇ-ഗവേണൻസിന്റെ നേട്ടങ്ങൾ പ്രയോജനപ്പെടുത്തിയും റവന്യൂ ചെലവുകൾ നിയന്ത്രിക്കും. ബജറ്റ് വിഹിതത്തിനു പുറമേ അധിക തുകയ്ക്കുള്ള അനുമതി നൽകുന്ന പ്രവണത കുറച്ചുകൊണ്ടു വരും. സംസ്ഥാന സമ്പദ്‌വ്യവസ്ഥയുടെ നിയന്ത്രണത്തിനും നിരീക്ഷണത്തിനുമായി 2017 ഫെബ്രുവരി മുതൽ ഇന്റഗ്രേറ്റഡ് ഫിനാൻഷ്യൽ മാനേജ്മെന്റ് സിസ്റ്റം (IFMS) നടപ്പിലാക്കിയിട്ടുണ്ട്. അനാവശ്യ ചെലവുകൾ നിയന്ത്രിക്കുന്നതിന്റെ ഭാഗമായി വകുപ്പുകൾ പണം ചെലവഴിക്കാതെ ട്രഷറി അക്കൗണ്ടുകളിൽ സൂക്ഷിക്കുന്ന പ്രവണത നിയന്ത്രിക്കും. നിലവിലുള്ള ചെലവു ചുരുക്കൽ നിയന്ത്രണങ്ങൾ കർശനമായി പാലിക്കും. പുതിയ വാഹനങ്ങൾ വാങ്ങുന്നതിന് നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്. ഉദ്യോഗസ്ഥന്മാരുടെ വിദേശയാത്ര ഉൾപ്പെടെയുള്ള യാത്രാ ചെലവുകൾ, ടെലഫോൺ ചാർജ്ജുകൾ എന്നിവയ്ക്കും പുതിയ ഗ്രാന്റ്-ഇൻ-എയ്ഡ് സ്ഥാപനങ്ങൾ അനുവദിക്കുന്നതിനും നിയന്ത്രണം ഏർപ്പെടുത്തും. |

| | | |
|---|---|---|
| | | റവന്യൂ കമ്മി കുറച്ചുകൊണ്ടുവരുന്നതിന്റെ ഭാഗമായി ഓരോ വർഷവും 20-30 ബേസിസ് പോയിന്റ് വീതം കുറയ്ക്കാനാണ് ഉദ്ദേശിക്കുന്നത്. 2016-17 -ൽ റവന്യൂ കമ്മി 2.51 ശതമാനമായിരുന്നു. 2017-18 -ലെ പുതുക്കിയ കണക്ക് പ്രകാരം ഇത് 1.9 ശതമാനമായി കുറഞ്ഞിട്ടുണ്ട്. 2018-19 -ൽ റവന്യൂ കമ്മി 1.6 ശതമാനമായി കുറയ്ക്കുന്നതിനാണ് ലക്ഷ്യമിടുന്നത്. |

സെക്ഷൻ ഓഫീസർ